December 2020

Issue 2

KARSHAKA VIDYAPEEDAM

കർഷക വിദ്യാപീഠം

NEWSLETTER

# KARSHAKA VIDYAPEEDAM

# കർഷക സർവ്വകലാശാല

## രണ്ട് പ്രശസ്ത സ്ഥാപനങ്ങൾക്ക് കെ വി പി അഫീലിയേഷൻ

'നിരവധി കണ്ടുപിടുത്തങ്ങളുടെ ഉടമയായ പ്രമുഖ കർഷക ശാസ്ത്രജ്ഞൻ തോമസ് ജോർജിന്റെ നേതൃത്വത്തിൽ കണ്ണൂർ ജില്ലയിലെ ചെമ്പേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന ചെറുതേൻ റിസർച്ച് ഫൌണ്ടേഷനും, പ്രശസ്ത കർഷക ഗവേഷകൻ ടി. കെ. ബാലകൃഷ്ണന്റെ നേതൃത്തിൽ നെൽകൃഷിയിൽ വിത്ത് മുതൽ സംസ്കരണ- വിപണനം വരെ പങ്കാളിത്ത ഗവേഷണങ്ങളിലൂടെ നവീന രീതികൾ ആവിഷ്കരിച്ചു വിപ്ലവകരമായ മാതൃകകൾ സൃഷ്ട്ടിച്ചു കർഷക ക്ഷേമം ഉറപ്പാക്കി ആഗോള ശ്രദ്ധയാകർഷിച്ചു മുന്നേറുന്ന എം ആർ പി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന മയ്യിൽ റൈസ് പ്രൊഡ്യൂസർ കമ്പനിക്കും കർഷക വിദ്യാപീഠം ( കെ വി പി ) അഫീലിയേഷൻ നൽകി.



## ഡിഗ്ഗർ കം അപ്റൂട്ടർ - കർഷക സൗഹൃദ ലഘു ഉപകരണം

ചെടികൾ നടാനുള്ള കുഴി എടുക്കുന്നതിനും, ചെടികൾ പിഴുതെടുക്കുന്നതിനും കർഷക സൗഹൃദമായ ഒരു ലഘു ഉപകരണം കർഷക വിദ്യാപീഠം ഡയറക്ടർ അബ്ദുള്ള എടക്കാവ് രൂപകല്പന ചെയ്തു വികസിപ്പിച്ചു. കാർഷിക മേഖലയിലെ പ്രമുഖർ ഈ ഉപകരണത്തിന്റെ ന്റെ പ്രയോജനം എടുത്തു പറഞ്ഞു അഭിനന്ദിച്ചു.

# മത്സ്യകൃഷിയിൽ പാഠശാല നടത്തി



കാഞ്ഞങ്ങാട് കൃഷിഭവന്റെയും, കർഷക വിദ്യാപീഠത്തിന്റെയും ആഭിമുഖ്യത്തിൽ . ആത്മ റീബിൽഡ് കേരള ഇനിഷ്യാറ്റിവ് (RKI) പദ്ധതിപ്രകാരം ഒഴിഞ്ഞ വളപ്പിലെ ഗ്രീൻ സാൻഡ്സ്ൽ കർഷക വിദ്യാപീഠം ആസ്ഥാനത്ത് വെച്ചു മത്സ്യകൃഷി എന്ന വിഷയത്തിൽ മത്സ്യകൃഷിയിൽ പാഠശാല നടത്തി .

കാഞ്ഞങ്ങാട് നഗരസഭ ചെയർ പേർസൻ സുജാത ടീച്ചർ പരിശീലന പരിപാടി ഉൽഘാടനം ചെയ്തു. വൈസ് ചെയർമാൻ, ബിൽടെക് അബ്ദുള്ള അധ്യക്ഷനായിരുന്നു. ഫിഷറീസ് കോർഡിനേറ്റർ, അശ്വിൻ ക്ലാസ് കൈകാര്യം ചെയ്തു..

കാഞ്ഞങ്ങാട് കൃഷി ഓഫീസർ, ശ്രീജ , വാർഡ് കൗൺസിലർ ബനീഷ് രാജ്, ഹോസ്ദുർഗ്ഗ് സർവ്വീസ് സഹകരണ ബാങ്ക് വൈസ് പ്രസിഡന്റ് ഇ.കെ.കെ പടന്നക്കാട് . മൽസ്യത്തൊഴിലാളി കോൺഗ്രസ് നേതാവും, ഗാന്ധിദർശൻ സമിതി ജില്ല ജന:സെക്രട്ടറിയുമായ കെ കെ ബാബു എന്നിവർ ആശംസ പ്രസംഗം നടത്തി.

കർഷക വിദ്യാപീഠം ഡയറക്ടർ അബ്ദുള ഇടക്കാവ് സ്വാഗതം പറഞ്ഞു



കർഷക വിദ്യാപീഠത്തിന്റെ പ്രഥമ അക്കാഡമിക അംഗത്വം ലഭിച്ച തോമസ് ജോർജ്. വിദ്യാപീഠത്തിന്റെ ആദ്യ ഫാക്കൽറ്റി കൂടിയാണ് തോമസ്

## ജയിൽ അന്തേവാസികൾക്ക് പച്ചക്കറിത്തൈകൾ നൽകി

കാഞ്ഞങ്ങാട് ജില്ലാ ജയിലിലെ അന്തേവാസികൾക്ക് കോവിഡ് കാലത്ത് കൃഷി ചെയ്യാൻ വിദ്യാപീഠം ആസ്ഥാനത്ത് ഡ യറക്ടർ ശ്രീ. അബ്ദുള്ള ഉൽപാദിപ്പിച്ച പച്ചക്കറിതൈകൾ ജയിൽ. സുപ്രണ്ട് ശ്രീ. വേണുവിന് കൈമാറി.

അസോസിയേറ്റ് ഡയറക്ടർമാരായ ശ്രീ. ഫാജിബ്, ശ്രീമതി. ഫമീദ, ട്രഷറെർ ശ്രീമതി. ആയിഷ എന്നിവരും സന്നിഹിതരായിരുന്നു.

## മയ്യിൽ റൈസ് പ്രൊഡ്യൂസർ കമ്പനി - അനുഭവങ്ങൾ പങ്ക് വെച്ച് എം. ഡി.



ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ NSRCEL (N S Raghavan Centre for Entrepreneurial Learning) കർഷകമിത്രയുടെ ആഭിമുഖ്യത്തിൽ നടത്തിയ വെബിനാറിൽ കർഷക വിദ്യാപീഠം സംസ്കരണ വിഭാഗം അസോസിറ്റ് ഡയറക്ടർ ടി. കെ. ബാലകൃഷ്ണൻ, മയ്യിൽ റൈസ് പ്രൊഡ്യൂസർ കമ്പനി (MRCP)- യുടെ വിജയ കഥ യും സ്ഥാപനത്തിന്റെ മാനേജിങ് ഡയറക്ടർ എന്ന നിലയിലുള്ള അനുഭവങ്ങളും പങ്കുവെച്ചു.

## കൂൺ കൃഷിയിലും കല്ലുമ്മക്കായ കൃഷിയിലും പരിശീലനം

ജൈവഗൃഹം പദ്ധതി പ്രകാരം പാനൂർ കൃഷി ഭവന്റെ പിന്തുണയോടെ കർഷക വിദ്യാപീഠം പാട്രൺ, പ്രൊഫസർ ( ഡോ: ) കെ. വിജയരാഘവൻ കൂൺ കൃഷിയിൽ പരിശീലനം നൽകി. കരിയാട് കൃഷി ഓഫീസിൽ കയറുമ്മക്കായ കൃഷി (Greenshell mussel farming)-യിലും കൂൺ കൃഷിയിലും അദ്ദേഹം പരിശീലന ക്ലാസ് എടുത്തു.